## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 384 — 24.06.2019 ലെ മറുപടിയ്ക്ക്.

## വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്,<br>ശ്രീ. യു. ആർ പ്രദീപ്,<br>" ആർ രാജേഷ്,<br>" പി. ഉണ്ണി | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനും അവരുടെ സാമൂഹികനിലവാരവും കഴിവുകളും മെച്ചപ്പെടുത്തുന്നതിനുമായി വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവരുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആദ്യഗഡു 39,000/- രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്. ഇതിനായി നിർബന്ധിത പ്രതിരോധ വാക്സിനുകൾ എടുത്തിരിക്കണം. ഇത് കുട്ടിയുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36,000/- രൂപ അഞ്ച് വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതുമായ കുട്ടികൾക്ക് നൽകുന്നു. മൂന്നാം ഗഡു 33,000/- രൂപ 10 വയസ്സ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതുമായ കുട്ടികൾക്കും, നാലാം ഗഡു 30,000/- രൂപ 15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതുമായ കുട്ടികളുടെ പേരിൽ എൽ.ഐ.സി ഓഫ് ഇന്ത്യയിൽ നിക്ഷേപിക്കുന്നു. പദ്ധതി പ്രകാരം പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ ഇൻഷ്വറൻസ് ആനുകൂല്യമായി ലഭിക്കുന്നതാണ്.<br><br>കൂടാതെ 9,10,11,12 ക്ലാസ്സുകളിൽ കുട്ടിക്ക് പ്രതിവർഷം 1,200/- രൂപ പ്രകാരം സ്കോളർഷിപ്പും നൽകുന്നു. |

| | | | |
|---|---|---|---|
| | | | പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസ പുരോഗതിയും സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്തുന്നതിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സ്കൂൾതലത്തിലുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകും |
| (സി) | ഈ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇൻഷുറൻസ് കാലാവധി അവസാനിക്കുമ്പോൾ ഒരു പെൺകുട്ടിയ്ക്ക് ലഭിക്കുന്ന തുക എത്രയെന്നും അറിയിക്കാമോ; | (സി) | <u>പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ</u><br>1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയായിരിക്കണം.<br>2. മാതാപിതാക്കളുടെ വാർഷിക വരുമാനം 1,00,000/- രൂപയിൽ കുറവായിരിക്കണം.<br>3. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികളാണ് ടി പദ്ധതിയിൽ അംഗമാക്കാവുന്നത്.<br>പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000/- രൂപയോ അതിൽ കൂടുതലോ ഇൻഷുറൻസ് ആനുകൂല്യമായി ലഭിക്കുന്നു. |
| (ഡി) | ഈ പദ്ധതി പ്രകാരം 2018-19 സാമ്പത്തികവർഷം എത്ര പേർക്ക് പ്രയോജനം ലഭിച്ചു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | 2017-18 ൽ 2555 പേരുടെ ഒന്നാംഗഡു പ്രീമിയവും 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷകളിൽ ഇതുവരെ 270 പേരുടെ ഒന്നാം ഗഡു പ്രീമിയവും എൽ.ഐ.സി.യ്ക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഓൺലൈൻ വെരിഫിക്കേഷൻ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ